# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3748 | 11.11.2019-ൽ മറുപടിക്ക്

## പരീക്ഷകളിലെ ആൾമാറാട്ടംസംബന്ധിച്ച കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഈ വർഷം പൊതു വിദ്യാഭ്യാസ വകുപ്പ് ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ആൾമാറാട്ടം നടത്തി പരീക്ഷ എഴുതിയ അദ്ധ്യാപകരേയും, പ്രിൻസിപ്പലിനേയും സസ്പെന്റ് ചെയ്യുകയും, സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഈ അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ ഡി.ജി.പി യ്ക്ക് കത്ത് നൽകുകയും ആയതിൻമേൽ കോഴിക്കോട് മുക്കം പോലീസ് സ്റ്റേഷനിൽ ക്രൈം നം.294/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരികയുമാണ്. |
| (ബി) സർക്കാർ വകുപ്പുകളും പി. എസ്. സി. യും നടത്തുന്ന വിവിധ പരീക്ഷകളിൽ ആൾമാറാട്ടം നടന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യത്തിൽ സ്വമേധയാ കേസെടുത്ത് നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിന് നിയമ തടസ്സമുണ്ടോ എന്നറിയിക്കാമോ; | (ബി) വ്യക്തമായ പരാതികളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത്തരം വിഷയങ്ങളിൽ കേസെടുക്കുന്നത്. |
| (സി) പരീക്ഷകളിൽ ആൾമാറാട്ടം നടക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) ആൾമാറാട്ടം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകുവാൻ പരീക്ഷാ ചീഫ് സൂപ്രണ്ടിന് നിർദ്ദേശം നൽകണമെന്ന് വിജിലൻസ് സ്ക്വാഡുകൾക്ക് കർശന നിർദ്ദേശം നൽകാറുണ്ട്. കൂടാതെ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഇതുമായി ബന്ധപ്പെട്ട് പൊതുനിർദ്ദേശങ്ങൾ ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ